# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2355** | 12.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. നെറ്റ് വർക്ക് സോഫ്റ്റ് വെയർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ജി.എസ്.ടി. പൂർണ്ണമായും ഓൺലൈൻ സംവിധാനമായതിനാൽ റിട്ടേൺ ഫയലിംഗിനും അതിന്റെയടിസ്ഥാനത്തിലുള്ള സൂക്ഷ്മ പരിശോധനയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി. നെറ്റ്‌വർക്ക് എന്ന സോഫ്റ്റ്‌വെയർ കാര്യക്ഷമമല്ലാത്തതിനാൽ 37 ശതമാനത്തോളം വരുമാനചോർച്ചയുണ്ടാകുന്നുവെന്ന നിഗമനത്തിന്റെയടിസ്ഥാനത്തിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണ് ; | (എ) | ജി.എസ്.ടി സോഫ്റ്റ്‌വെയർ ഇതുവരെയും പൂർണ്ണസജ്ജമായിട്ടില്ല. ഇതുമൂലം റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഇ-വേ ബിൽ സമ്പ്രദായം ഏപ്രിൽ 1 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. ജി.എസ്.ടി നിയമപ്രകാരം സംസ്ഥാനത്തിനു മാത്രമായി ചരക്കുകളിന്മേലോ സേവനങ്ങളിന്മേലോ പുതുതായി നികുതി ചുമത്തുവാനോ നികുതിയിളവുകൾ നൽകുവാനോ സാധിക്കുകയില്ല. നികുതിവരുമാനത്തിന്റെ കൃത്യത വ്യക്തമായി വിലയിരുത്തുന്നതിന്റെ വിവരങ്ങൾ നിലവിൽ ലഭ്യമല്ല. ജി.എസ്.ടി. നെറ്റ്‌വർക്കിൽ നിന്ന് വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക്, അവ തരംതിരിക്കുവാനും, വിലയിരുത്തുവാനുമുള്ള ബാക്ക് എൻഡ് മോഡ്യൂൾ, സംസ്ഥാനത്ത് വികസിപ്പിച്ചുവരുന്നു. എന്നാൽ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നികുതിനഷ്ടം ജി.എസ്.ടി |

| | | | |
|---|---|---|---|
| | ജി.എസ്.ടി. നെറ്റ്‌വർക്ക് പൂർണ്ണമായും സർക്കാർ സംരംഭമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അതുവഴി ലക്ഷ്യമിടുന്ന നേട്ടം എന്താണ്; | | കൗൺസിലിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടുണ്ട്. ഇതിലൂടെ ജി.എസ്.ടി സംബന്ധിച്ച ഡേറ്റ സ്വകാര്യ കമ്പനികളുടെ കൈവശമെത്തുന്നത് തടയാനും സെക്യൂരിറ്റി ഉറപ്പുവരുത്തുവാനും കഴിയും. |
| (സി) | ഡിജിറ്റൽ ഇടപാടുകൾക്ക് നികുതിയിളവ് നൽകാനും അതേ സമയം ഉല്പന്നങ്ങളുടെ മേൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസ് ചുമത്താനുമുള്ള കേന്ദ്ര സർക്കാർ നിർദ്ദേശത്തോടുള്ള സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കിയിരുന്നോ; വിശദാംശം അറിയിക്കാമോ? | (സി) | ഡിജിറ്റൽ ഇടപാടുകൾക്ക് നികുതിയിളവ് നൽകാനും അതേ സമയം ഉല്പന്നങ്ങളുടെ മേൽ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസ് ചുമത്താനുള്ള കേന്ദ്ര സർക്കാർ നിർദ്ദേശത്തോടുള്ള സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**